(സി) ചെറുകിട ജലസേചന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സ്വയംസംരംഭകരിലൂടെയും നടപ്പിലാക്കാൻ പുറപ്പെടുവിച്ച വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ Kerala Small Hydro Power Policy 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നിരവധി പദ്ധതികൾ ടെണ്ടർ ചെയ്ത് ഉൽപ്പാദകരെ കണ്ടെത്തിയിട്ടുണ്ട്.

റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും

34 (5838) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പ്രവൃത്തികളിൽ ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

പാത ഇരട്ടിപ്പിക്കൽ പണികളുടെ നിലവിലെ അവസ്ഥ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ-കോഴിക്കോട്വരെയുള്ള സെക്ഷൻ ഉടൻ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016-ഓടുകൂടി കമ്മീഷൻ ചെയ്യുകയും ചെയ്യുമെന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

ചാലക്കുടി റയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്

35 (5839) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദർശ് സ്റ്റേഷനായി ഉയർത്തിയിട്ടുള്ള ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2015-16-ലെ റെയിൽവേ ബഡ്ജറ്റിനുമുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർക്കാർ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly